# പിറവിക്കാലം

## വചന വിചിന്തനം

### രണ്ടാം ഞായര്‍

ലൂക്കാ 2,21-52

*ദൈവകൃപകൊണ്ട് നിറഞ്ഞവളും, നന്മനിറഞ്ഞവളും,*
*സ്ത്രീകളില്‍ അനുഗ്രഹീതയുമായവള്‍ക്ക്*
*ചങ്കില്‍ കൊണ്ട് നടക്കാന്‍ ദൈവം സമ്മാനിച്ചത് "വാള്‍" ആണ്!*
*മക്കളെ കുറിച്ചുള്ള ആകുലതകള്‍*
*അമ്മമാരുടെ നെഞ്ചില്‍ എന്നും "വാള്‍" തന്നെയാണ്...*

*ദൈവം ഭരമേല്‍പ്പിച്ച ദൗത്യം നിറവേറ്റിയ ശേഷം നിശബ്ദരാകുന്ന പ്രവാചകന്‍മാര്‍... ജീവിതത്തിലെ അനുകരണീയമായ മാതൃകകളാണിവര്‍.*

ശിമയോന്‍ ജോസഫിനെയും മറിയത്തെയും ഈശോയെയും അനുഗ്രഹിച്ചുകൊണ്ട് അവന്‍െറ അമ്മയായ മറിയത്തോടു പറഞ്ഞു;

"ഇവന്‍ വിവാദവിഷയമായ അടയാളവുമായിരിക്കും. നിന്‍െറ ഹൃദയത്തിലൂടെ ഒരു വാള്‍ തുളച്ചുകയറുകയും ചെയ്യും" (ലൂക്കാ 2,35).

മക്കള്‍ എന്നും മാതാപിതാക്കളുടെ ആധിയാണ്. മകനൊന്നു തുമ്മിയാല്‍ മതി മാതാവിന്റെ ഉറക്കം നഷ്ടപ്പെടാന്‍. കാരണം, മക്കള്‍ക്ക് വേണ്ടി ഒന്നായ അപ്പനും അമ്മയും മക്കളുടെ സ്വപ്നങ്ങള്‍ക്ക് ചിറകു മുളപ്പിക്കുന്നതിന് വേണ്ടിയാണ് തങ്ങളുടെ സ്വപ്നങ്ങള്‍പ്പോലും കാറ്റില്‍ പറത്തുന്നത്.

ഫ്രണ്ട്സിന്റെ ഒപ്പം ഒരു പാര്‍ട്ടിയില്‍ ഇരിക്കുമ്പോഴാണ് മൊബൈല്‍ റിംഗ് ചെയ്യുന്നത് കേട്ടത്. ഒരു കണക്കിന് പാന്റ്സിന്റെ പോക്കറ്റില് നിന്നും മൊബൈല്‍ എടുത്തുനോക്കി 'Amma... Calling...'

"ഹോ ഈ അമ്മേടെ ഒരു കാര്യം. ഒരു ഫങ്ഷന്‍ ഉണ്ട്. 11.30 കഴിഞ്ഞേ വരൂ എന്ന് പറഞ്ഞിരുന്നതാണല്ലോ. പിന്നെ എാതിനാണാവൊ വിളിക്കണേ?"

അപ്പൊ തന്നെ ഒരു സുഹൃത്തിന്റെ ശബ്ദം, "ഡാ ഫോണ്‍ വിളിക്കാന്‍ ആണെങ്കില്‍ നമുക്കും ഒരുപാടുണ്ട്. കേട്ടല്ലോ...!" അതുകൂടി കേട്ടപ്പോ ശരിക്കും അവനു വട്ടായി. മൊബൈല്‍ സൈലന്റ് ആക്കി പോക്കറ്റില്‍ തിരുകി. ആട്ടവും പാട്ടും ഒന്ന് ഒതുങ്ങിയപ്പോ എന്തിനോ വേണ്ടി വീണ്ടും മൊബൈല്‍ എടുത്തു... "Amma 10 Missed Calls... Achen 6 Missed Calls..." നോക്കി മുഴുവിപ്പിക്കുന്നതിനു മുന്‍പ് വീണ്ടും ഒരു കോള്.. "Amma Calling..."

എവിടെയെത്തി എന്നറിയാന്‍ ആയിരിക്കും... "എന്തൊരു കഷ്ടാ" എന്ന് മനസിലോര്‍ത്തു. അവന്‍ മൊബൈല്‍ സ്വിച്ച് ഓഫ് ചെയ്തു. പാര്‍ട്ടിയൊക്കെ കഴിഞ്ഞു. കൂടുക്കാരോട് "Tata... Bye bye..." പറഞ്ഞു തിരിച്ചു ബൈക്ക് ഓടിക്കുമ്പോള്‍ ആ ബഹളങ്ങളുടെ താളകൊഴുപ്പയിരുന്നു മനസ്സില്‍.

വീടിനടുത്തുള്ള മെയിന്‍ ജംഗ്ഷനില്‍ നിന്ന് ബൈക്ക് എല്ലാ ദിവസത്തെയും പോലെ വളചെടുതപ്പോള്‍ പെട്ടന്നൊരു കുഴി...! ഒരു കണക്കിന് വെട്ടിച്ചു മാറ്റി. പൈപ്പ് ലൈനു വേണ്ടി സാമദ്രോഹികള്‍ എടുത്ത കുഴി... ഒരു ബോര്‍ഡ് വെച്ചൂടെ.... നാശം... എന്നിങ്ങനെ പുലമ്പിക്കൊണ്ട് ബൈക് സ്റ്റാര്‍ട്ട് ചെയ്യാന്‍ കിക്കര്‍ അടിക്കാനായി കാലു പോക്കിയപ്പോ കാലില്‍ നിന്നും രക്തം പൊടിയുന്നു. എവിടെയോ ഒരു നീറ്റല്... ആ കുറ്റിയില് കൊണ്ട് കാലിന്റെ തൊലി പോയതാ. അവനു സങ്കടവും ദേഷ്യവും മാറി മാറി വന്നു... എല്ലാം കൊണ്ടും നല്ല ദിവസം! മനസ്സില്‍ പാവം ദിവസത്തെ പ്രാകിക്കൊണ്ട് ബൈക്ക് ഓടിച്ചു വീടെത്തി.

പതിവുപോലെ പൂമുഖത്ത് അപ്പച്ചനും അമ്മയും ഉറങ്ങാതെ വഴിയിലേക്കും നോക്കി ഉത്കണ്ഠയോടെ ഇരിക്കുന്നുണ്ട്. ബൈക്ക് സ്റ്റാന്റിൽ വെക്കുമ്പഴാണ് '16 miss calls' നെ കുറിച്ചോർത്തത്. എല്ലാം ദേഷ്യവും കൂടി അവടെ തീർക്കാൻ വാ തുറക്കുമ്പോ തന്നെ അമ്മയുടെ പരാതി നിറഞ്ഞ ചോദ്യം;

"എടാ മോനെ, എത്ര പ്രാവശ്യം വിളിച്ചു. നീ എന്താ ഫോൺ എടുക്കാത്തെ? ആ ജംഗ്ഷനിൽ പൈപ്പ് ഇടാൻ കുഴി കുഴിച്ചിട്ടുണ്ട്. നോക്കി വരാൻ പറയാനാ വിളിച്ചേ... അപ്പനാണെങ്കിൽ, ഇത്രയും നേരം അവിടെ ടോർച്ചുമായി നിന്നെ കൊണ്ടുവരാൻ കാത്തു നിൽക്കുകയായിരുന്നു. ദാ ഇപ്പൊ വന്നതേയുള്ളൂ..."

ഇത് കേട്ടതും അവന്റെ മനസ്സില് ജ്വലിച്ചുനിന്ന സൂര്യൻ പെട്ടെന്ന് അസ്തമിച്ചതുപോലെ... നെഞ്ച് പിടയുന്നതുപോലെ.. കണ്ണുകൾ നിറഞ്ഞുവോ...ഉവ്വ്... ആരെയും കാണിക്കാതെ മുഖം കുനിച്ചു നടക്കുന്നതിനിടെ വീണ്ടും അമ്മ വീണ്ടും ചോദിക്കുന്നു;

"നിനക്കു ചോറ് വിളമ്പട്ടെ. ഞങ്ങളും കഴിച്ചിട്ടില്ല. നീ വന്നിട്ട് കഴിക്കാം എന്ന് കരുതി..."

അതുകൂടി കേട്ടപ്പോ നിറഞ്ഞിരുന്ന ആ കണ്ണുനീർതുള്ളികൾ അവനോടു പോലും അനുവാദം ചോദിക്കാതെ കവിളിലൂടെ താഴേക്ക് ഒഴുകി. എവിടെയോ ഒരു നീറ്റൽ... നെഞ്ചില് ആണോ അതോ കാലില് ആണോ?

പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന ശിമയോൻ.... (ലൂക്കാ 2,27). കാരണം, അവൻ നീതിമാനും, ദൈവഭക്തനും, മറ്റുള്ളവരുടെ ആശ്വാസം പ്രതീക്ഷിച്ചിരിക്കുന്നവനുമായിരുന്നു.

മക്കളെ കുറിച്ചുള്ള ആകുലതകളും ആശങ്കകളും മാതാപിതാക്കളുടെ ചങ്കിൽ എന്നും വാൾ തന്നെയാണ്. എങ്കിൽ, ഈ വാൾ അതിന്റെ പൂർണതയിൽ ഏറ്റ് വാങ്ങിയ വലിയ വിശുദ്ധയാണ് പരിശുദ്ധ മറിയം. ശിമയോൻ ജോസഫിനെയും മറിയത്തെയും ഈശോയെയും അനുഗ്രഹിച്ചുകൊണ്ട് അവൻെറ അമ്മയായ മറിയത്തോടു പറഞ്ഞ പ്രവചനം അതിന്റെ പൂർണതയിൽ നടമാടുന്നത് കർത്താവിന്റെ കുരിശിൻ ചുവട്ടിലാണ്.

"ഇവൻ വിവാദവിഷയമായ അടയാളവുമായിരിക്കും. നിൻെറ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചുകയറുകയും ചെയ്യും" (ലൂക്കാ 2,35).

മകന്റെ കുരിശിൻ ചുവട്ടിൽ അമ്മ നിൽക്കുന്നു. 'മകൻ കുരിശിൽ കിടക്കുന്നു...' എന്നതിനെക്കാൾ ഉപരിയായ് 'ചെയ്യാത്ത കുറ്റത്തിന് കുരിശിൽ കിടക്കുന്ന മകൻ..." ആ അമ്മയുടെ മനോവ്യഥ എന്തുമാത്രമായിരിക്കും.

"പടയാളികൾ യേശുവിനെ ക്രൂശിച്ചതിനുശേഷം അവൻെറ വസ്ത്രങ്ങൾ നാലായി ഭാഗിച്ചു - ഓരോ പടയാളിക്കും ഓരോ ഭാഗം. അവൻെറ അങ്കിയും അവർ എടുത്തു. യേശുവിൻെറ കുരിശിനരികെ അവൻെറ അമ്മയും അമ്മയുടെ സഹോദരിയും ക്ലോപ്പാസിൻെറ ഭാര്യ മറിയവും മഗ്ദലേനമറിയവും നിൽക്കുന്നുണ്ടായിരുന്നു. യേശു തൻെറ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും അടുത്തു നിൽക്കുന്നതു കണ്ട് അമ്മയോടു പറഞ്ഞു: സ്ത്രീയേ, ഇതാ, നിൻെറ മകൻ . അനന്തരം അവൻ ആ ശിഷ്യനോടു പറഞ്ഞു: ഇതാ, നിൻെറ അമ്മ. അപ്പോൾ മുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു. പടയാളികളിലൊരുവൻ അവൻെറ പാർശ്വത്തിൽ കുന്തംകൊണ്ടു കുത്തി" (യോഹ 19,23- 27,34).



ക്രിസ്തുവിന്റെ സഹനത്തിലും ബലിയിലും പങ്കാളിയാവാൻ വിളി ലഭിച്ചവളായിരുന്നു പരിശുദ്ധ കന്യകാമറിയം. അതുകൊണ്ട് തന്നെ ശിമയോൻ പ്രവചിച്ച വാൾ ഹൃദയത്തിലൂടെ കടന്നുപോയിട്ടും പരാതിയും പരിഭവവുമില്ലാതെ അമ്മ എല്ലാം സഹിച്ചു. ചുരുക്കത്തിൽ, വിളിയോടുള്ള വിശ്വസ്ഥത. അതാണ് പരിശുദ്ധ കന്യകാമറിയത്തിന്റെ നീണ്ട നിശബ്ദതയ്ക്ക് പിന്നിലെ കാരണം.

ശിമയോൻ പഴയനിയമത്തിലെ അവസാന പ്രവാചകനും പുതിയ നിയമത്തിലെ ആദ്യ പ്രവാചകനുമാണ്. അതുകൊണ്ട് തന്നെ, പഴയ നിയമത്തിലെയും പുതിയ നിയമത്തിലേയും എല്ലാ പ്രവാചകൻമാർക്കും ഉണ്ടായിരിക്കേണ്ട മുഴുവൻ ഗുണങ്ങളും

നിറഞ്ഞ് നിന്ന വ്യക്തിയാണ് ശിമയോൻ. വചനം ശിമയോനെ കുറിച്ച് പറയുന്നത് ശ്രദ്ധിക്കുക;

"ജറുസലെമിൽ ശിമയോൻ എന്നൊരുവൻ ജീവിച്ചിരുന്നു. അവൻ നീതിമാനും ദൈവഭക്തനും ഇസ്രായേലിൻെറ ആശ്വാസം പ്രതീക്ഷിച്ചിരുന്നവനും ആയിരുന്നു. പരിശുദ്ധാത്മാവ് അവൻെറ മേൽ ഉണ്ടായിരുന്നു. കർത്താവിൻെറ അഭിഷിക്തനെ കാണുന്നതുവരെ മരിക്കുകയില്ല എന്ന് പരിശുദ്ധാത്മാവ് അവന് വെളിപ്പെടുത്തിയിരുന്നു. പരിശുദ്ധാത്മാവിൻെറ പ്രേരണയാൽ അവൻ ദേവാലയത്തിലേക്കു വന്നു..." (ലൂക്കാ 2,26 - 27).

ഒരു പ്രവാചകന്റെ ഗുണങ്ങൾ നോക്കു.

1. നീതിമാൻ
2. ദൈവഭക്തൻ
3. മറ്റുള്ളവരുടെ ആശ്വാസം പ്രതീക്ഷിച്ചിരിക്കുന്നവൻ
4. പരിശുദ്ധാത്മാവ് വസിക്കുന്നവൻ
5. ദൈവത്തെ കാണുന്നവൻ
6. പരിശുദ്ധാത്മാവിൻെറ പ്രേരണയാൽ ജീവിക്കുന്നവൻ...

*ശിമയോന്റെ ജീവിതത്തിലെ ഏകമോഹം 'ദൈവത്തെ കാണണം' എന്നുള്ളത് മാത്രമാണ്. വലിയ തിരിച്ചറിവ് സമ്മാനിക്കുന്നവയാണ് ശിമയോന്റെ ജീവിതം!*

ശിമയോന്റേത് അനുഗ്രഹപൂർണമായ വാർദ്ധിക്യമായിരുന്നു. ആശ പശ പോലെ ഒട്ടിപിടിക്കുമ്പോൾ ശിമയോന്റെ ജീവിതത്തിലെ ഏക മോഹം ദൈവത്തെ ഒരു നോക്ക് കാണണം എന്നുള്ളത് മാത്രമായിരുന്നു. അതുകൊണ്ട് തന്നെ, ദൈവത്തെ കാണുന്നത് വരെ മരിക്കില്ല എന്നുള്ള വരം സ്വന്തമാക്കിയവനായിരുന്നു ശിമയോൻ. ചുരുക്കത്തിൽ, ഇത് അമരത്വത്തിനുള്ള വരമായിരുന്നു. ദൈവത്തെ കണ്ടുമുട്ടുന്നതുവരെ മരിക്കാത്തവൻ ദൈവത്തെ കണ്ടാലും മരിക്കില്ല എന്നുള്ള വലിയ തിരിച്ചറിവ് സ്വന്തമാക്കിയ പ്രവാചകൻ.

"ഇവൻ ഇസ്രായേലിൽ പലരുടെയും വീഴ്ചയ്ക്കും ഉയർച്ചയ്ക്കും കാരണമാകും. ഇവൻ വിവാദവിഷയമായ അടയാളവുമായിരിക്കും" (ലൂക്കാ 2,34). ക്രിസ്തു എന്നും വിവാദ വിഷയത്തിന്റെ അടയാളമാണ്. ക്രിസ്തുവിനെ കണ്ടുമുട്ടുന്നവർക്ക് ജീവിതത്തിൽ രണ്ട് വഴികളെയൊള്ളു. ഒന്നുകിൽ ക്രിസ്തുവിനോട് ചേർന്ന് അവൻ പറയുന്നത് കേട്ട് രക്ഷിക്കപ്പെടുക.അല്ലെങ്കിൽ, അവന്റെ പഠനങ്ങളെയും വചനങ്ങളെയും കാറ്റിൽ പറത്തി നശിക്കുക. ഒത്തുതീർപ്പില്ലാത്ത ജീവിതശൈലിയാണ് ക്രിസ്തു മുന്നിൽ വയ്ക്കുന്നത്. തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ക്രിസ്തു നിനക്ക് തന്നിരിക്കുകയാണ്. നിന്റെ തിരഞ്ഞെടുപ്പ് നിന്റെ ജീവിതത്തിന്റെ ഭാഗദേയം നിർണയിക്കും!

***"കുറച്ചുകൂടി ഉറങ്ങാം; തെല്ലുനേരം കൂടി മയങ്ങാം;***
***കൈയുംകെട്ടിയിരുന്ന് അൽപംകൂടെവിശ്രമിക്കാം.***
***ഫലമോ, ദാരിദ്ര്യം വഴിപോക്കനെപ്പോലെയും***
***ദുർഭിക്ഷം കൊള്ളക്കാരനെപ്പോലെയും***
***നിൻെറ മുൻപിലെത്തും."***

സുഭാ 6,10 - 11

..........

ഫാ. ജോബി മെനോത്ത് : +91 944 7777 931